## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5310** **05-07-2024 - ൽ മറുപടിയ്ക്ക്**

## സ്മാർട്ട് കൃഷിഭവനുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളും സ്മാർട്ടാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; കൃഷി ഭവനുകൾ സ്മാർട്ടാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളും ഫണ്ട് ലഭ്യതയ്ക്കനുസൃതമായി ഘട്ടം ഘട്ടമായി സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്.<br><br>സംസ്ഥാന സർക്കാരിന്റെ സ്മാർട്ട് കൃഷി ഭവൻ പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷം 28 കൃഷി ഭവനുകളെ സ്മാർട്ട് കൃഷിഭവനാക്കുവാനായി തെരഞ്ഞെടുക്കുകയും 351.30282 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 8 സ്മാർട്ട് കൃഷി ഭവനുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 16 കൃഷി ഭവനുകളുടെ നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു.<br><br>തുടർന്ന്, 2023-24 സാമ്പത്തിക വർഷത്തിൽ സ്മാർട്ട് കൃഷി ഭവനുകളാക്കുവാൻ 14 കൃഷി ഭവനുകളെ തെരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br><br>കൂടാതെ നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി 14 കൃഷി ഭവനുകളെ സ്മാർട്ട് കൃഷിഭവൻ ആക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നുണ്ട്.<br><br>സേവനങ്ങൾ ഡിജിറ്റൽ ആക്കുന്നതിന് 'കതിർ' എന്ന പേരിൽ ഒരു സോഫ്റ്റ്‌വെയർ രൂപീകരിച്ചു വരുന്നു. |
| (ബി) | കോഴിക്കോട് ജില്ലയിൽ ഇത് വരെ എത്ര കൃഷി ഭവനുകളാണ് സ്മാർട്ടാക്കിയിട്ടുള്ളത് എന്നറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | കോഴിക്കോട് ജില്ലയിൽ പനങ്ങാട്, പേരാമ്പ്ര എന്നീ കൃഷി ഭവനുകളാണ് 2022-2023-ൽ സ്റ്റേറ്റ് പ്ലാൻ പദ്ധതി പ്രകാരം സ്മാർട്ട് കൃഷിഭവൻ പദ്ധതിയ്ക്കായി തിരഞ്ഞെടുത്തത്. പനങ്ങാട് കൃഷിഭവൻ പണി പൂർത്തീകരിച്ചു. പേരാമ്പ്ര കൃഷിഭവന് പഞ്ചായത്ത് പുതിയ കെട്ടിടം അനുവദിച്ചതിനാൽ പേരാമ്പ്ര മണ്ഡലത്തിലെ തന്നെ കീഴരിയൂർ കൃഷി ഭവന് ഫണ്ട് കൈമാറാൻ ശുപാർശ ലഭിച്ചിട്ടുണ്ട്. 2023-24 ൽ മാവൂർ കൃഷിഭവനെ സ്മാർട്ട് കൃഷി ഭവനാക്കുന്നതിലേയ്ക്കായി തിരഞ്ഞെടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെട്ടത്തി തിരുവമ്പാടി കൃഷി ഭവനെ സ്മാർട്ട് കൃഷി ഭവനാക്കുവാൻ തിരഞ്ഞെടുക്കുകയും പ്രവർത്തി പുരോഗമിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ